(സി) ഉണ്ട്.

(ഡി) വിദേശ വിനോദസഞ്ചാരികളുടെ വരവിൽ മുൻവർഷത്തേക്കാൾ 25% വർദ്ധനവ് ഈ വർഷം പ്രതീക്ഷിക്കുന്നു.

വിദേശ വിനോദ സഞ്ചാരികളിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന വരുമാനം

112 [269] ശ്രീ. കെ. മുഹമ്മദാലി:
" ഡി. സുഗതൻ:
" ജി. പ്രതാപവർമ്മ തമ്പാൻ:
" എം. പി. ഗംഗാധരൻ:
" എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2003-04-ൽ നാളിതുവരെ എത്ര വിദേശ വിനോദ സഞ്ചാരികൾ വന്നിട്ടുണ്ട്;

(ബി) വിദേശ വിനോദസഞ്ചാരികളെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തെ ടൂറിസ്റ്റ് സീസൺ ഏതെന്നു പറയുമോ;

(സി) വിദേശ വിനോദസഞ്ചാരികളിൽനിന്ന് ഈ വർഷം ഇതുവരെ സംസ്ഥാനത്തിനുണ്ടായ വരുമാനം എത്ര;

(ഡി) ഏതു വിദേശ രാജ്യത്തുനിന്നാണ് ഏറ്റവും കൂടുതൽ വിനോദ സഞ്ചാരികൾ സംസ്ഥാനത്തെത്തുന്നത്;

(ഇ) യൂറോപ്പ്, അമേരിക്ക, ഗൾഫ് നാടുകൾ എന്നിവിടങ്ങളിൽ നിന്നെത്തുന്ന വിനോദസഞ്ചാരികൾ എത്ര തുക വീതം സംസ്ഥാനത്ത് ചെലവഴിക്കുന്നതായാണ് കരുതപ്പെടുന്നത്;

(എഫ്) ഏത് വിദേശ രാജ്യത്ത് നിന്നെത്തുന്നവരാണ് കൂടുതൽ തുക സംസ്ഥാനത്ത് ചെലവഴിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003-04 സാമ്പത്തിക വർഷം (2003 നവംബർ വരെ) കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികൾ 142915 ആണെന്ന് കണക്കാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദേശ വിനോദസഞ്ചാരികളെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തെ ടൂറിസ്റ്റ് സീസൺ പ്രധാനമായി ഒക്ടോബർ-ഫെബ്രുവരി ആണ്. എന്നാൽ ഇപ്പോൾ മറ്റുമാസങ്ങളിലും ധാരാളം വിദേശ വിനോദസഞ്ചാരികൾ കേരളത്തിലെത്തുന്നുണ്ട്.

(സി) വിദേശ വിനോദസഞ്ചാരികളിൽ നിന്നും 2003 നവംബർ മാസം വരെ ഏകദേശം 820 കോടി രൂപ വരുമാനമുണ്ടായതായി കണക്കാക്കുന്നു.

(ഡി) ഇംഗ്ലണ്ടിൽ നിന്നുമാണ് ഏറ്റവും കൂടുതൽ വിദേശ വിനോദസഞ്ചാരികൾ കേരളത്തിൽ എത്തുന്നത്.

(ഇ) രാജ്യങ്ങൾ തിരിച്ചുള്ള വരുമാനം കൃത്യമായി കണക്കാക്കിയിട്ടില്ല. എന്നാൽ രാജ്യങ്ങൾ തിരിച്ചുള്ള ടൂറിസ്റ്റുകളുടെ എണ്ണത്തിൽ നിന്നും 2003-ൽ യൂറോപ്പ്, അമരിക്ക, ഗൾഫ് നാടുകൾ എന്നിവിടങ്ങളിൽ നിന്നുമെത്തിയ വിനോദ സഞ്ചാരികൾ സംസ്ഥാനത്ത് ചെലവാക്കിയ തുക (സെപ്റ്റംബർ മാസം വരെ) യഥാക്രമം 313.59 കോടി രൂപ, 59.35 കോടി രൂപ, 33.55 കോടി രൂപ ആണെന്ന് ഏകദേശം കണക്കാക്കുന്നു.

(എഫ്) കണക്ക് ലഭ്യമല്ല.

പൊൻമുടി ഗസ്റ്റ്ഹൗസിലെ വെള്ളക്കരം കുടിശ്ശിക

113 [270] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻമുടി വിനോദസഞ്ചാര കേന്ദ്രത്തിലെ ഗസ്റ്റ് ഹൗസിൽ വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് എത്ര രൂപ കുടിശ്ശികയായിട്ടുണ്ട്;

(ബി) ഈ തുക ഉടൻ അടച്ചുതീർത്തില്ലെങ്കിൽ ജലവിതരണം നിറുത്തിവയ്ക്കുമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കുടിശ്ശിക തീർക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 10,11,883 രൂപ.

(ബി) ഉണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly